# അല്ലാഹുവിന്റെ വിധി സ്വീകരിക്കൽ

## ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്

വിവർത്തനം:

**അബ്ദുൽ മുഹ്സിൻ ഐദീദ്**

# ആമുഖം

بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ

الحَمْدُ لِلَّهِ رَبِّ العَالَمِينَ، وَأَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، إِلَهُ الأَوَّلِينَ وَالآخَرِينَ، وَرَبُّ النَّاسِ أَجْمَعِينَ، مَالِكُ المُلْكِ، الوَاحِدُ الأَحَدُ الفَرْدُ الصَّمَدُ، الذِّي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُواً أَحَد.

وَأَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ، صَلَوَاتُ اللَّهِ وَسَلَامُهُ عَلَيْهِ، بَلَّغَ الرِّسَالَةَ وَأَدَّى الأَمَانَةَ وَجَاهَدَ فِي اللَّهِ حَقَّ جِهَادِهِ، وَتَرَكَ أُمَّتَهُ عَلَى المَحَجَّةِ البَيْضَاءِ لَيْلُهَا كَنَهَارِهَا، لَا يَزِيغُ عَنْهَا إِلَّا هَالِكٌ، أَمَّا بَعْدُ؛

അല്ലാഹുവിന്റെ വിധിക്ക് കീഴൊതുങ്ങേണ്ടതിന്റെ അനിവാര്യതയും, അവനല്ലാത്തവരുടെ വിധി തേടിപ്പോകുന്നതിൽ നിന്ന് താക്കീത് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ അനിവാര്യമായ ചില നസ്വീഹത്തുകൾ (ഗുണകാംക്ഷ) അടങ്ങുന്ന ഒരു ചെറിയ ലേഖനമാണിത്.

ഖുർആനും സുന്നത്തുമാകുന്ന അല്ലാഹുവിന്റെ വിധിക്ക് പുറമെയുള്ളവയിലേക്ക് ചില ജനങ്ങൾ വിധി തേടിപ്പോകുന്നത് കാണാനിടയായപ്പോഴാണ് ഈ ലേഖനം ഞാൻ എഴുതിയത്. ജോത്സ്യന്മാരിലേക്കും, ഭാവിപ്രവചിക്കുന്നവരിലേക്കും, മനുഷ്യ നിർമിതങ്ങളായ ഭൗതിക നിയമസംഹിതകളുടെ ആചാര്യന്മാരിലേക്കും, മറ്റും ഇന്ന് ജനങ്ങൾ വിധി അന്വേഷിച്ചു പോയിക്കൊണ്ടിരിക്കുന്നത് കാണാം.

ചിലയാളുകൾ അജ്ഞത കൊണ്ടാണ് ഇപ്രകാരം ചെയ്യുന്നതെങ്കിൽ, മറ്റു ചിലർ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള വിദ്വേഷവും ശത്രുതയും കാരണത്താലാണ്

ഇപ്രകാരം ചെയ്തു കൊണ്ടിരിക്കുന്നത്. അറിവില്ലാത്തവരെ സത്യം അറിയിക്കുന്നതും, അശ്രദ്ധയിലായിട്ടുള്ളവരെ ഉണർത്തുന്നതും, അല്ലാഹുവിന്റെ അടിമകളെ സ്വിറാത്തുൽ മുസ്തഖീമിൽ നിലനിർത്തുന്നതുമായ ഒന്നാകട്ടെ എന്റെ ഈ നസ്വീഹ (ഗുണകാംക്ഷ) എന്ന് ഞാൻ പ്രാർഥിക്കുന്നു.

അല്ലാഹു - ـ - പറഞ്ഞത് പോലെ:

﴿ وَذَكِّرۡ فَإِنَّ ٱلذِّكۡرَىٰ تَنفَعُ ٱلۡمُؤۡمِنِينَ ٥٥ ﴾ الذاريات: ٥٥

“നീ ഉപദേശിക്കുക. തീർച്ചയായും ഉപദേശം മുഅ്മിനീങ്ങൾക്ക് ഗുണം ചെയ്യുക തന്നെ ചെയ്യും.” (ദാരിയാത്ത്: 55)

അല്ലാഹു - ـ - പറഞ്ഞു :

﴿ وَإِذۡ أَخَذَ ٱللَّهُ مِيثَٰقَ ٱلَّذِينَ أُوتُواْ ٱلۡكِتَٰبَ لَتُبَيِّنُنَّهُۥ لِلنَّاسِ وَلَا تَكۡتُمُونَهُۥ ﴾

آل عمران: ١٨٧

“വേദഗ്രന്ഥം നൽകപ്പെട്ടവരോട് നിങ്ങളത് ജനങ്ങൾക്ക് വിവരിച്ചുകൊടുക്കണമെന്നും, നിങ്ങളത് മറച്ച് വെക്കരുതെന്നും അല്ലാഹു കരാർ വാങ്ങിയ സന്ദർഭം (ശ്രദ്ധിക്കുക).” (ആലു ഇംറാൻ: 187)

ഈ ചെറിയ ലേഖനം ജനങ്ങൾക്ക് ഉപകാരപ്രദമാവട്ടെ എന്നും, അല്ലാഹുവിന്റെ മത നിയമങ്ങൾ മുറുകെ പിടിക്കാൻ മുസ്‌ലിംകൾക്ക് തൗഫീഖ് ഉണ്ടാകട്ടെ എന്നും, അല്ലാഹുവിന്റെ കിതാബിലേക്കും നബി -ﷺ- യുടെ സുന്നത്തിലേക്കും വിധി തേടിപ്പോകാൻ അവർക്ക് സാധിക്കട്ടെ എന്നും അല്ലാഹുവിനോട് ഞാൻ പ്രാർഥിക്കുന്നു.

# അല്ലാഹുവിന്റെ വിധി തേടിപ്പോവുക എന്നത് ശഹാദത്ത് കലിമയുടെ അന്തസത്തയിൽ പെട്ടത്

അല്ലാഹു -ﷻ- ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിട്ടുള്ളത് അവന് മാത്രം ഇബാദത്ത് ചെയ്യുന്നതിന് വേണ്ടിയാണ്.

അല്ലാഹു -ﷻ- പറഞ്ഞു:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴿٥٦﴾ ﴾ الذاريات: ٥٦

‘‘ജിന്നുകളെയും മനുഷ്യരെയും എനിക്ക് മാത്രം ഇബാദത്ത് ചെയ്യുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.’’ (അദ്ദാരിയാത്ത്: 56)

അല്ലാഹു -ﷻ- പറഞ്ഞു:

﴿ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ﴾ الإسراء: ٢٣

‘‘തനിക്കല്ലാതെ ഇബാദത്ത് ചെയ്യരുതെന്നും, മാതാപിതാക്കളോട് നന്മ ചെയ്യണമെന്നും നിന്റെ റബ്ബ് വിധിച്ചിരിക്കുന്നു.’’ (അൽ-ഇസ്റാഅ്: 23)

അല്ലാഹു -ﷻ- പറഞ്ഞു:

﴿ وَٱعْبُدُوا۟ ٱللَّهَ وَلَا تُشْرِكُوا۟ بِهِۦ شَيْـًٔا ۖ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ﴾ النساء: ٣٦

‘‘നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുകയും, അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും (ശിർക്ക്) മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യു

ക.'' (അന്നിസാഅ്: 36)

عَنْ مُعَاذٍ -رَضِيَ اللَّهُ عَنْهُ-، قَالَ: كُنْتُ رِدْفَ النَّبِيِّ -صَلَّى اللَّهُ عَلَيْهِ وَسَلَّمَ- عَلَى حِمَارٍ، فَقَالَ: «**يَا مُعَاذُ، هَلْ تَدْرِي حَقَّ اللَّهِ عَلَى عِبَادِهِ، وَمَا حَقُّ العِبَادِ عَلَى اللَّهِ؟**»، قُلْتُ: اللَّهُ وَرَسُولُهُ أَعْلَمُ، قَالَ: «**فَإِنَّ حَقَّ اللَّهِ عَلَى العِبَادِ أَنْ يَعْبُدُوهُ وَلاَ يُشْرِكُوا بِهِ شَيْئًا، وَحَقَّ العِبَادِ عَلَى اللَّهِ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا**»، فَقُلْتُ: يَا رَسُولَ اللَّهِ أَفَلاَ أُبَشِّرُ بِهِ النَّاسَ؟ قَالَ: «**لاَ تُبَشِّرْهُمْ، فَيَتَّكِلُوا**»

മുആദ് -ص- നിവേദനം : ഒരിക്കൽ ഞാൻ നബി -ﷺ- യുടെ പിന്നിൽ ഇരുന്ന് ഒരു കഴുതപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു.

അപ്പോൾ അവിടുന്ന് പറഞ്ഞു: ''ഹേ മുആദ്! അടിമകളുടെ മേൽ അല്ലാഹുവിനുള്ള അവകാശം എന്താണെന്നും, അടിമകൾക്ക് അല്ലാഹു (തന്റെ മേൽ സ്വയം ബാധ്യതയാക്കി നൽകിയിട്ടുള്ള) അവകാശവും എന്താണ് എന്നും നിനക്ക് അറിയാമോ?''

ഞാൻ പറഞ്ഞു: ''അല്ലാഹുവിനും റസൂലിനുമാണ് ഏറ്റവും കൂടുതൽ അറിയുക.''

അവിടുന്ന് പറഞ്ഞു: ''അല്ലാഹുവിന് അവന്റെ അടിമകളുടെ മേലുള്ള അവകാശം അവർ അവന് മാത്രം ഇബാദത്ത് ചെയ്യുക എന്നതും, അവനിൽ മറ്റൊന്നിനെയും പങ്കു ചേർക്കാതിരിക്കുക എന്നതുമാണ്. അടിമകൾക്ക് മേൽ അല്ലാഹു സ്വയം ബാധ്യതയായി നിശ്ചയിച്ചിട്ടുള്ളത് അവനിൽ ഒന്നിനെയും പങ്കു ചേർക്കാത്തവരെ (ശിർക്ക് ചെയ്യാത്തവരെ) ശിക്ഷിക്കാതിരിക്കുക എന്നതാണ്.''

മുആദ് -ص- ചോദിച്ചു: ''അല്ലാഹുവിന്റെ റസൂലേ! ഞാൻ ജനങ്ങളോട് ഈ സന്തോഷവാർത്ത അറിയിക്കട്ടെ?''

അവിടുന്ന് പറഞ്ഞു: ''വേണ്ട. അവർ അതിൽ സമാധാനമടയും.'' [1]

ഇബാദത്തിന് പണ്ഡിതന്മാർ പല നിർവ്വചനങ്ങളും നൽകിയിട്ടുണ്ട്. അവയെല്ലാം പരസ്പര പൂരകങ്ങളാണ്.

അതിൽ ഏറ്റവും വിശാലമായത് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ - : - യുടെ നിർവ്വചനമാണ്:

«العِبَادَةُ إِسْمٌ جَامِعٌ لِكُلِّ مَا يُحِبُّهُ اللَّهُ وَيَرْضَاهُ مِنَ الأَقْوَالِ وَالأَفْعَالِ الظَّاهِرَةِ وَالبَاطِنَةِ»

''അല്ലാഹുവിന് ഇഷ്ടമുള്ളതും പ്രിയങ്കരമായതുമായ [2] പ്ര

[1] ബുഖാരി: 128, 129,2856, 5967, 6267, 6500, 7373, മുസ്ലിം: 30.

[2] ഇബാദത്ത് അല്ലാഹുവിന് തൃപ്തികരമാകണമെങ്കിൽ രണ്ട് നിബന്ധനകൾ (ശർത്വുകൾ) ഉണ്ട്.
ഒന്ന്: ഇഖ്ലാസ് (അല്ലാഹുവിന് മാത്രമാക്കുക).
രണ്ട്: ഇത്തിബാഅ്. (നബി -ج- കാണിച്ചു തന്നത് പ്രകാരമായിരിക്കുക)
ഈ രണ്ട് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഇബാദത്തുകളിൽ നിന്ന് നഷ്ടപ്പെട്ടാൽ അവന്റെ ഇബാദത്ത് സ്വീകാര്യമാകില്ല.
അല്ലാഹു -ـ- പറഞ്ഞു:

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا﴾ الملك: ٢
''നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്നറിയുന്നതിന് വേണ്ടി ജീവിതത്തെയും മരണത്തെയും സൃഷ്ടിച്ചവനാണ് അവൻ (അല്ലാഹു).'' (അൽ–മുൽക്: 2)
ഈ ആയത്തിന്റെ വിശദീകരണത്തിൽ ഫുദൈൽ - : - പറഞ്ഞു: ''ഏറ്റവും നല്ല പ്രവർത്തനമെന്നാൽ ഏറ്റവും ഇഖ്ലാസുള്ളതും, ഏറ്റവും ശരിയായതുമാണ്.''

ത്യക്ഷവും പരോക്ഷവുമായ എല്ലാ പ്രവർത്തനങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് ഇബാദത്ത്.''

അല്ലാഹുവിനുള്ള പരിപൂർണമായ കീഴൊതുക്കം ഇബാദത്തിന്റെ അനിവാര്യഘടകമാണ് എന്ന് മേലെ നൽകിയ നിർവ്വചനത്തിൽ നിന്ന് മനസ്സിലാക്കാം. അവന്റെ കൽപ്പനകൾ സ്വീകരിക്കുന്നതിലും, വിലക്കുകൾ ഒഴിവാക്കുന്നതിലും, വിശ്വാസകാര്യങ്ങളിലും, വാക്കുകളിലും പ്രവർത്തികളിലുമെല്ലാം പരിപൂർണമായ കീഴൊതുങ്ങൽ അനിവാര്യമാണ്.

ഓരോ വ്യക്തിയുടെയും ജീവിതം അല്ലാഹുവിന്റെ നിയമങ്ങൾക്ക് അനുസൃതമായി നിലകൊള്ളേണ്ടതുണ്ട്. അല്ലാഹു അനുവദനീയമാക്കിയതെല്ലാം (ഹലാലുകൾ) അവൻ അനുവദനീയമാക്കണം. അല്ലാഹു നിരോധിച്ചതെല്ലാം (ഹറാമുകൾ) അവൻ നിരോധിക്കണം.

തന്റെ മനസ്സിന്റെ പ്രേരണകളിൽ നിന്നും, ദേഹേഛകളുടെ ദുർമന്ത്രണങ്ങളിൽ നിന്നും മോചിതനായി സ്വഭാവത്തിലും, പ്രവർത്തനങ്ങളിലും, ഇടപാടുകളിലും അല്ലാഹുവിന്റെ വിധിക്ക് കീഴൊതുങ്ങണം. വ്യക്തിയും സമൂഹവും, പുരുഷ

---

അപ്പോൾ ചിലർ ചോദിച്ചു: ''ഏറ്റവും ഇഖ്ലാസുള്ളതും, ഏറ്റവും ശരിയായതും എന്നാൽ എന്താണ് ഉദ്ദേശം?''
അദ്ദേഹം പറഞ്ഞു: ''ഒരു ഇബാദത്ത് എപ്പോൾ അല്ലാഹുവിന് മാത്രമുള്ളതാകുന്നോ അപ്പോൾ അത് ഇഖ്ലാസുള്ളതാകുന്നു. ഒരു ഇബാദത്ത് എപ്പോൾ നബി -ഉ- യുടെ സുന്നത്തിനോട് യോജിച്ചു നിൽക്കുന്നുവോ അപ്പോൾ അത് ഏറ്റവും ശരിയായതാകുന്നു.
പ്രവർത്തനം ഇഖ്ലാസുള്ളതാകുകയും നബി -ഉ- യുടെ സുന്നത്തിനോട് യോജിക്കാതെ വരികയും ചെയ്താൽ അത് സ്വീകരിക്കപ്പെടുകയില്ല.
നബി -ഉ- യുടെ സുന്നത്തിനോട് യോജിക്കുകയും ഇഖ്ലാസ് ഇല്ലാതെയാവുകയും ചെയ്താൽ അതും സ്വീകരിക്കപ്പെടുകയില്ല.'' (മജ്മൂഉൽ ഫതാവ: 11/600)

നും സ്ത്രീയും ഇക്കാര്യത്തിൽ സമമാണ്.

ജീവിതത്തിന്റെ ചില മേഖലകളിൽ മാത്രം അല്ലാഹുവിന് കീഴൊതുങ്ങുകയും, മറ്റു ചില ഭാഗങ്ങളിൽ സൃഷ്ടികൾക്ക് കീഴൊതുങ്ങുകയും ചെയ്തവൻ അല്ലാഹുവിന് ഇബാദത്ത് ചെയ്തവനാകില്ല.

ഈ അർഥം ഊട്ടിയുറപ്പിക്കുന്നതാണ് അല്ലാഹുവിന്റെ വചനം വായിക്കുക:

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴾ النساء: ٦٥

“ഇല്ല, നിന്റെ റബ്ബിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ ഈമാനുള്ളവരാവുകയില്ല.” (അന്നിസാഅ്: 65)

അല്ലാഹു - ـ - പറഞ്ഞു:

﴿ أَفَحُكْمَ الْجَاهِلِيَّةِ يَبْغُونَ ۚ وَمَنْ أَحْسَنُ مِنَ اللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ﴾ المائدة: ٥٠

“ജാഹിലിയ്യത്തിന്റെ (അനിസ്ലാമിക മാർഗത്തിന്റെ) [3] വി

---

[3] ഇബ്നു കഥീർ - : - പറഞ്ഞു: “അല്ലാഹുവിന്റെ വിധി ഒഴിവാക്കുകയും, ഇസ്ലാമിക നിയമങ്ങളുടെ യാതൊരു പിൻബലവുമില്ലാതെ മനുഷ്യർ പടുത്തുയർത്തിയ അഭിപ്രായങ്ങളും ദേഹേഛകളും സാങ്കേതികത്വങ്ങളും തേടിപ്പോവുകയും ചെയ്തവരെ അല്ലാഹു ഈ ആയത്തിൽ ആക്ഷേപിക്കുന്നു. അജ്ഞതകളുടെയും വഴികേടുകളുടെയും അടി

ധിയാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?'' (അൽ–മാഇദ: 50)

നബി -ﷺ- യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള ഹദീഥും അപ്രകാരം തന്നെ;

قَالَ رَسُولُ اللَّهِ -ﷺ-: «لَا يُؤْمِنُ أَحَدُكُمْ حَتَّى يَكُونَ هَوَاهُ تَبَعًا لِمَا جِئْتُ بِهِ»

അവിടുന്ന് -ﷺ- പറഞ്ഞു: ''ഞാൻ കൊണ്ടു വന്ന (ഈ ദീനിനോട്) തന്റെ ദേഹേഛകൾ യോജിക്കുന്നത് വരെ നിങ്ങളിൽ ഒരാളും തന്നെ ഈമാനുള്ളവരാവുകയില്ല.'' [4]

അല്ലാഹുവിൽ വിശ്വസിക്കുകയും, ചെറുതാകട്ടെ വലുതാകട്ടെ; എല്ലാ കാര്യങ്ങളിലും അവന്റെ വിധിയിൽ തൃപ്തിയടയുകയും, –തന്റെ സ്വന്തം വിഷയങ്ങളിലാകട്ടെ, സമ്പത്തിന്റെ കാര്യത്തിലാകട്ടെ, അഭിമാനത്തിന്റെ കാര്യത്തിലാകട്ടെ– അവയിലെല്ലാം അല്ലാഹുവിന്റെ ശരീഅത്തിലേക്ക് (മതനിയമങ്ങളിലേക്ക്) മാത്രം വിധി തേടിപ്പോവുകയും ചെയ്യുന്നത് വരെ ഒരാളുടെയും ഈമാൻ പരിപൂർണ്ണമാവുകയില്ല. അതല്ലെങ്കിൽ അവൻ അല്ലാഹുവല്ലാത്തവരുടെ അടിമയാണ്.

അല്ലാഹു – ﷻ – പറഞ്ഞു:

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولًا أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾

---

സ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടിരുന്ന ജാഹിലിയ്യ സമൂഹത്തിന്റെ അവസ്ഥ തന്നെയാണ് ഇവരുടേതും.'' (തഫ്സീറു ഇബ്നി കഥീർ: 3/131)

[4] ഇമാം ബഗ്വി ശർഹുസ്സുന്നയിൽ ഉദ്ദരിച്ചു. ശൈഖ് അൽബാനി, ഇമാം ഇബ്നു റജബ് പോലുള്ളവർ ഈ ഹദീഥിന് **ന്യൂനതകളുണ്ട്** എന്ന് വ്യക്തമാക്കിയിട്ടുണ്ട്. (മിശ്കാത്തുൽ മസാബീഹ്: 1/59)

النحل: ٣٦

“നിങ്ങൾ അല്ലാഹുവിന് (മാത്രം) ഇബാദത്ത് ചെയ്യുക; ത്വാഗൂത്തുകളെ [5] വെടിയുക’ എന്ന (കാര്യവുമായി) എല്ലാ സമൂഹത്തിലേക്കും നാം റസൂലുകളെ നിയോഗിച്ചിട്ടുണ്ട്.” (അന്നഹ്ൽ: 36)

ആർ അല്ലാഹുവിന് കീഴൊതുങ്ങുകയും, അവനെ അനുസരിക്കുകയും, അവന്റെ വഹ്‌യിലേക്ക് വിധി തേടിപ്പോവുകയും ചെയ്തോ അവൻ അല്ലാഹുവിന്റെ അടിമയാണ്.

ആർ അല്ലാഹുവല്ലാത്തവർക്ക് കീഴൊതുങ്ങുകയും, അവന് പുറമേയുള്ളവരുടെ ശർഇലേക്ക് (നിയമസംഹിതകളിലേക്ക്) വിധി തേടിപ്പോവുകയും ചെയ്തോ അവൻ താഗൂത്തുകൾക്ക് ഇബാദത്ത് ചെയ്യുകയും, അവക്ക് കീഴൊതുങ്ങുകയും ചെയ്തിരിക്കുന്നു.

അല്ലാഹു - ـ - പറഞ്ഞു:

﴿ أَلَمْ تَرَ إِلَى ٱلَّذِينَ يَزْعُمُونَ أَنَّهُمْ ءَامَنُوا۟ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ
يُرِيدُونَ أَن يَتَحَاكَمُوٓا۟ إِلَى ٱلطَّٰغُوتِ وَقَدْ أُمِرُوٓا۟ أَن يَكْفُرُوا۟ بِهِۦ وَيُرِيدُ

[5] ‘ത്വാഗൂത്ത്’ എന്നതിന്റെ വിശദീകരണത്തിൽ മുൻഗാമികളായ പണ്ഡിതന്മാർ പറഞ്ഞ ചില അഭിപ്രായങ്ങൾ ചുവടെ കൊടുക്കുന്നു.

ജാബിർ ബ്നു അബ്ദില്ല -س- പറഞ്ഞു: “പിശാച് ബോധനവുമായി ഇറങ്ങുന്ന ജോത്സ്യന്മാർ ആണ് ത്വാഗൂത്തുകൾ എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.”

മുജാഹിദ് - : - പറഞ്ഞു: “ജനങ്ങൾ വിധി തേടിപ്പോകുന്ന മനുഷ്യരൂപത്തിലുള്ള പിശാചുക്കളാണ് ഇവർ.”

ഇമാം മാലിക്ക് - : - പറഞ്ഞു: “അല്ലാഹുവിന് പുറമേ ഇബാദത്ത് ചെയ്യപ്പെടുന്ന എല്ലാവരും ത്വാഗൂത്തുകളാണ്.”

ٱلشَّيْطَٰنُ أَن يُضِلَّهُمْ ضَلَٰلًۢا بَعِيدًا ﴿٦٠﴾ النساء: ٦٠

''നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ത്വാഗൂത്തുകളുടെ അടുത്തേക്ക് വിധിതേടിപ്പോകാനാണ് അവർ ഉദ്ദേശിക്കുന്നത്. [6] വാസ്തവത്തിൽ ത്വാഗൂത്തുകളിൽ അവിശ്വസിക്കുവാ

---

[6] ഇബ്നു കഥീർ - : - ഈ ആയത്തിന്റെ തഫ്സീറിൽ പറഞ്ഞു: ''ഞങ്ങൾ മുഹമ്മദ് നബി - ﷺ - യുടെ മേലും, അദ്ദേഹത്തിന് മുൻപുള്ള റസൂലുകളുടെ മേലും അവതരിപ്പിക്കപ്പെട്ടവയിൽ വിശ്വസിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുകയും, എന്നാൽ തങ്ങൾക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങളിൽ അല്ലാഹുവിന്റെ ഖുർആനും, നബി-ﷺ-യുടെ സുന്നത്തും അല്ലാത്ത (മറ്റു നിയമവ്യവസ്ഥകളിലേക്കും ആചാരങ്ങളിലേക്കും) വിധി അന്വേഷിച്ച് തേടിപ്പോവുകയും ചെയ്യുന്നവരെ ഈ ആയത്തിലൂടെ അല്ലാഹു ആക്ഷേപിച്ചിരിക്കുന്നു.

ഒരു യഹൂദനും അൻസ്വാരികളിൽ പെട്ട ഒരു വ്യക്തിയും തമ്മിൽ നടന്ന ഒരു സംഭവമാണ് ഈ ആയത്തിന്റെ അവതരണപശ്ചാത്തലം. അവർ രണ്ട് പേരും ഒരു വിഷയത്തിൽ തർക്കിക്കുകയും, യഹൂദൻ നബി-ﷺ-യുടെ അടുക്കൽ പ്രശ്നം അവതരിപ്പിക്കാം എന്ന് പറയുകയും ചെയ്തു.

എന്നാൽ അൻസ്വാരികളിൽ പെട്ട വ്യക്തി (യഹൂദ നേതാവായ) കഅ്ബുബ്നുൽ അശ്റഫിന്റെ അടുക്കലേക്ക് പോകാം എന്നാണ് പറഞ്ഞത്.

ഇസ്ലാം പുറമേക്ക് പ്രകടിപ്പിക്കുകയും, എന്നാൽ ജാഹിലിയ്യ നേതാക്കന്മാരുടെ വിധി തേടിപ്പോവുകയും ചെയ്ത ഒരു കൂട്ടം മുനാഫിഖുകളുടെ വിഷയത്തിലാണ് ഈ ആയത്ത് അവതരിപ്പിച്ചത് എന്നും അഭിപ്രായമുണ്ട്.

എന്നാൽ ഈ ആയത്ത് ആ സാഹചര്യങ്ങളിലേക്ക് മാത്രം ബാധകമല്ല. അല്ലാഹുവിന്റെ കിതാബും, നബി - ﷺ - യുടെ സുന്നത്തുമല്ലാത്ത നിരർഥകങ്ങളായ ഏത് നിയമ–വിധി സംഹിതകളിലേക്ക് മടങ്ങിച്ചെല്ലുന്നവർക്കും ഈ ആയത്തി

നാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. ശൈത്വാൻ അവരെ ബഹുദൂരം വഴിതെറ്റിക്കുവാൻ ഉദ്ദേശിക്കുന്നു.'' (അന്നിസാഅ്: 60)

'ശഹാദത്തു അൻ ലാ ഇലാഹ ഇല്ലല്ലാഹ്, വ അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' (അല്ലാഹുവല്ലാതെ ഇബാദത്തിന് അർഹനായി മറ്റാരുമില്ല; മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ അടിമയും റസൂലുമാണ്) എന്ന ശഹാദത്ത് കലിമയുടെ (സാക്ഷ്യവചനത്തിന്റെ) അന്തസത്തയാണ് അല്ലാഹുവിന് മാത്രം ഇബാദത്ത് സമർപ്പിക്കുക എന്നതും, ത്വാഗൂത്തുകൾക്ക് ഇബാദത്ത് നൽകുന്നതിൽ നിന്നും, അവരുടെ അടുക്കൽ വിധി തേടിപ്പോകുന്നതിൽ നിന്നും ഒഴിഞ്ഞു നിൽക്കലും (ബറാഅത്ത്).

സർവ്വ ന്യൂനതകളിൽ നിന്നും പരിശുദ്ധനായ അല്ലാഹുവാകുന്നു ജനങ്ങളുടെ രക്ഷിതാവും (റബ്ബ്), അവരുടെ ഏക ആരാധ്യനും (അൽ-ഇലാഹ്).

അവനാണ് ജനങ്ങളെ സൃഷ്ടിച്ചത്. അവരോട് കൽപ്പിക്കുകയും വിരോധിക്കുകയും ചെയ്യുന്നതും, അവരെ ജനിപ്പിക്കുന്നതും മരിപ്പിക്കുന്നതും, അവരെ വിചാരണ ചെയ്യുന്നതും, അവർക്ക് പ്രതിഫലം നൽകുന്നതും എല്ലാം അല്ലാഹുവാണ്. സർവ്വ ഇബാദത്തുകൾക്കുമുള്ള ഏക അവകാശിയും അവനാകുന്നു.

അല്ലാഹു - ﷻ - പറഞ്ഞു:

﴿أَلَا لَهُ ٱلۡخَلۡقُ وَٱلۡأَمۡرُ﴾ الأعراف: ٥٤

''അറിയുക: സൃഷ്ടിപ്പും ശാസനാധികാരവും [7] അവന്നു

---

ലെ ആക്ഷേപം ബാധകമാണ്.'' (തഫ്സീറു ഇബ്നി കഥീർ: 2/346.)

[7] അല്ലാഹുവിന്റെ നിയമങ്ങൾ രണ്ട് രൂപത്തിലാണ്.

തന്നെയാണ്. ലോകങ്ങളുടെ റബ്ബായ അല്ലാഹു അനുഗ്രഹ പൂർണ്ണനായിരിക്കുന്നു.'' (അഅ്റാഫ്: 54)

അവനാണ് (മനുഷ്യരുടെ) ഏകനായ സ്രഷ്ടാവ് എന്നത് പോലെ തന്നെ, അവനാണ് (മനുഷ്യരോട്) കൽപ്പിക്കുന്നവ നും. മനുഷരുടെ മേൽ ബാധ്യതയാക്കപ്പെട്ടിട്ടുള്ളത് (ചോദ്യ ങ്ങളില്ലാതെ തങ്ങളെ സൃഷ്ടിച്ചവനെ) അനുസരിക്കുക എ ന്നതാണ്.

അല്ലാഹു ഹറാമാക്കിയത് ഹലാലാക്കുന്നതിലും, ഹലാലാ ക്കിയത് ഹറാമാക്കുന്നതിലും യഹൂദ–നസ്വാറാക്കൾ തങ്ങ ളുടെ പണ്ഡിത–പുരോഹിതരെ അനുസരിച്ചതിലൂടെ അല്ലാ ഹുവിന് പുറമേയുള്ള അവരുടെ ഇലാഹുകളായി പണ്ഡിത ന്മാർ മാറി.

അത് ഓർമ്മപ്പെടുത്തി കൊണ്ട് അല്ലാഹു - - - പറഞ്ഞു:

---

ഒന്ന് പ്രാപഞ്ചികമായ നിയമം (الأَحْكَامُ القَدَرِيَّةُ) : കത്തി കൊണ്ട് കുത്തിയാൽ കുത്തേറ്റവൻ മരണപ്പെടും എന്നത് അതിനൊരു ഉദാഹരണമാണ്.

രണ്ട് മതപരമായ നിയമം (الأَحْكَامُ الشَّرْعِيَّةُ) : കാരണമില്ലാതെ ഒരാളെ കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തരുത് എന്നത് അവന്റെ മതപരമായ നിയമമാണ്.
പ്രാപഞ്ചിക നിയമങ്ങളിൽ അല്ലാഹുവിന് തൃപ്തികരമായ തും അല്ലാത്തതും ഉണ്ടാകാം. മതപരമായ നിയമങ്ങൾ പൂർ ണമായും അല്ലാഹുവിന്റെ തൃപ്തിയുള്ളവയായിരിക്കും; രണ്ട് ഇനം വിധികളെ കുറിച്ചും പരാമർശിത ആയത്തിൽ സൂചനയുണ്ട്.
ശൈഖ് നാസിർ സഅ്ദി - : - പറഞ്ഞു: ''സൃഷ്ടിപ്പ് അവ നാണ് എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് പ്രാപ ഞ്ചിക നിയമങ്ങളാണ്.
ശാസനാധികാരം എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് മത പരമായ നിയമങ്ങളും.'' (തഫ്സീറുസ്സഅ്ദി: 291)

﴿ ٱتَّخَذُوٓا۟ أَحْبَارَهُمْ وَرُهْبَـٰنَهُمْ أَرْبَابًا مِّن دُونِ ٱللَّهِ وَٱلْمَسِيحَ ٱبْنَ مَرْيَمَ وَمَآ أُمِرُوٓا۟ إِلَّا لِيَعْبُدُوٓا۟ إِلَـٰهًا وَٰحِدًا ۖ لَّآ إِلَـٰهَ إِلَّا هُوَ ۚ سُبْحَـٰنَهُۥ عَمَّا يُشْرِكُونَ ﴿٣١﴾ ﴾ التوبة: ٣١

“അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ റബ്ബുകളായി സ്വീകരിച്ചു. എന്നാൽ ഏകനായ ഇലാഹിന് മാത്രം ഇബാദത്ത് ചെയ്യണമെന്നായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ഇലാഹുമില്ല. അവർ ശിർക്ക് ചെയ്യുന്ന (പുരോഹിതന്മാരിൽ) നിന്ന് അവനെത്രയോ പരിശുദ്ധൻ!” (അത്തൗബ: 31)

പണ്ഡിത പുരോഹിതന്മാരെ ഇലാഹുകളാക്കൽ അവർക്ക് വേണ്ടി ബലി നടത്തുകയോ, അവർക്ക് നേർച്ച നേരുകയോ, അവർക്ക് റുകൂഉം സുജൂദും ചെയ്യുകയോ ചെയ്താൽ മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് വിചാരിക്കേണ്ടതില്ല.

നബി -ﷺ- യുടെ സ്വഹാബിയായ അദിയ്യ് ബ്നു ഹാതിം -رضي الله عنه- അപ്രകാരം തെറ്റിദ്ധരിച്ചു. മുസ്ലിമായതിന് ശേഷം നബി -ﷺ- യുടെ അടുക്കലേക്ക് ഒരിക്കൽ കടന്നു ചെന്നപ്പോൾ അവിടുന്ന് ഈ ആയത്ത് പാരായണം ചെയ്യുന്നത് അദ്ദേഹം കേട്ടു.

അപ്പോൾ അദ്ദേഹം പറഞ്ഞു : “അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ അവർക്ക് ഇബാദത്ത് ചെയ്തിരുന്നില്ല. –അവർ എന്നത് കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത് നസ്വ്റാനികളിലെ പുരോഹിതന്മാരെയാണ്; കാരണം മുസ്ലിമാകുന്നതിന് മുൻപ് അദ്ദേഹം അവരിൽ പെട്ടവനായിരുന്നു.

നബി -ﷺ- ചോദിച്ചു: “അല്ലാഹു ഹലാലാക്കിയതിനെ അവർ (പുരോഹിതന്മാർ) ഹറാമാക്കിയാൽ നിങ്ങളും അപ്രകാ

രം ഹറാമാക്കാറുണ്ടായിരുന്നില്ലേ? അല്ലാഹു ഹറാമാക്കിയതിനെ അവർ (പുരോഹിതന്മാർ) ഹലാലാക്കിയാൽ നിങ്ങളും അതിനെ ഹലാലാക്കാറില്ലേ?''

അദ്ദേഹം പറഞ്ഞു: ''അതെ.''

നബി -ﷺ- പറഞ്ഞു: ''അത് തന്നെയാണ് അവർക്കുള്ള ഇബാദത്ത്.'' [8]

ഹാഫിദ് ഇബ്നു കഥീർ - : - മേലെ നൽകിയ ആയത്തിന്റെ തഫ്സീറിൽ പറഞ്ഞു:

''അതായത്; (പണ്ഡിതൻ) ഒരു കാര്യം ഹറാമാക്കിയാൽ അത് ഹറാം; അയാൾ അനുവദനീയമാക്കിയാൽ അത് ഹലാൽ. അയാൾ നിയമമാക്കിയതെല്ലാം പിൻപറ്റുക. അയാൾ വിധിച്ചതെല്ലാം നടപ്പാക്കുക (എന്നതാണ് ഇത് കൊണ്ടുള്ള ഉദ്ദേശം).

ശേഷം അല്ലാഹു - - - പറഞ്ഞു: ''അവനല്ലാതെ ഒരു ഇലാഹുമില്ല. അവർ ശിർക്ക് ചെയ്യുന്നവയിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ!''

അതായത്; അല്ലാഹു ആ പങ്കുകാരിൽ നിന്നും, സമന്മാരിൽ നിന്നും, സഹായികളിൽ നിന്നും, എതിരാളികളിൽ നിന്നും, സന്താനങ്ങളിൽ നിന്നുമെല്ലാം ഉന്നതനും, പരിശുദ്ധനും, മുക്തനുമായിരിക്കുന്നു. അല്ലാഹുവല്ലാതെ ഇബാദത്ത് നൽകപ്പെടാൻ മറ്റാരുമില്ല; അവനല്ലാതെ മറ്റൊരു റബ്ബും (രക്ഷിതാവും) ഇല്ല തന്നെ.'' [9]

അല്ലാഹുവിന്റെ മതനിയമങ്ങളിലേക്ക് വിധി അന്വേഷിച്ചു പോവുക എന്നത് ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂ

---

[8] അഹ്മദും തിർമിദിയും നിവേദനം ചെയ്തു. തിർമിദി ഹസൻ എന്ന് അഭിപ്രായപ്പെട്ടു.

[9] തഫ്സീറു ഇബ്നു കഥീർ: 2/349.

ലുല്ലാഹ് എന്ന ശഹാദത്ത് കലിമയുടെ തേട്ടമാണെന്നും, ത്വാഗൂത്തുകളുടെയും നേതാക്കന്മാരുടെയും ജോത്സ്യന്മാരുടെയും അടുക്കൽ വിധി തേടിപ്പോകൽ ഈമാൻ ഇല്ലാതാക്കുമെന്നും അത് കുഫ്റും (സത്യനിഷേധം), ദുൽമും (അതിക്രമം), ഫിസ്ഖും (അധർമ്മവും) ആണെന്നും ഇത്രയും വായിച്ചതിൽ നിന്ന് മനസ്സിലായി.

അല്ലാഹു - ـ - പറഞ്ഞു:

﴿وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الْكَافِرُونَ ﴿٤٤﴾﴾ المائدة: ٤٤

“അല്ലാഹു അവതരിപ്പിച്ചത് അനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു കാഫിറുകൾ [10] (അ മുസ് ലിംകൾ).” (അൽ–മാഇദ: 44)

അല്ലാഹു - ـ - പറഞ്ഞു:

﴿وَكَتَبْنَا عَلَيْهِمْ فِيهَا أَنَّ النَّفْسَ بِالنَّفْسِ وَالْعَيْنَ بِالْعَيْنِ وَالْأَنفَ بِالْأَنفِ وَالْأُذُنَ بِالْأُذُنِ وَالسِّنَّ بِالسِّنِّ وَالْجُرُوحَ قِصَاصٌ ۚ فَمَن تَصَدَّقَ بِهِ فَهُوَ كَفَّارَةٌ لَّهُ ۚ وَمَن لَّمْ يَحْكُم بِمَا أَنزَلَ اللَّهُ فَأُولَٰئِكَ هُمُ الظَّالِمُونَ ﴿٤٥﴾﴾ المائدة: ٤٥

“ജീവന് ജീവൻ, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, ചെവിക്ക്

[10] ഇബ്നു അബ്ബാസ് - ﭭ - പറഞ്ഞു: “അല്ലാഹു അവതരിപ്പിച്ചതിനെ ആരെങ്കിലും നിഷേധിച്ചാൽ അവൻ കാഫിറായിരിക്കുന്നു. ആരെങ്കിലും അല്ലാഹുവിന്റെ വിധിയാണെന്ന് അംഗീകരിക്കുകയും, എന്നാൽ (ദേഹേച്ഛ കാരണത്താൽ) അത് കൊണ്ട് വിധിക്കുകയും ചെയ്തില്ലെങ്കിൽ അവൻ അതിക്രമിയും ദുർമാർഗിയുമാണ്.” (തഫ്സീറു ബ്നി കഥീർ: 3/119)

ചെവി, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യമായ പ്രതിക്രിയ എന്നിങ്ങിനെയാണ് അതിൽ (തൗറാത്തിൽ) നാം അവർക്ക് നിയമമമായി വെച്ചിട്ടുള്ളത്. വല്ലവനും (പ്രതിക്രിയ ചെയ്യാതെ) മാപ്പുനൽകുന്ന പക്ഷം അത് അവന്ന് പാപമോചന(ത്തിന് ഉതകുന്ന ഒരു പുണ്യകർമ്മ) മാകുന്നു. **ആർ അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധിക്കുന്നില്ലയോ അവർ തന്നെയാണ് ദ്വാലിമുകൾ (അക്രമികൾ).**'' (അൽ–മാഇദ: 45)

അല്ലാഹു - ـ - പറഞ്ഞു:

﴿ وَلْيَحْكُمْ أَهْلُ ٱلْإِنجِيلِ بِمَآ أَنزَلَ ٱللَّهُ فِيهِ ۚ وَمَن لَّمْ يَحْكُم بِمَآ أَنزَلَ ٱللَّهُ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٤٧﴾ ﴾ المائدة: ٤٧

''ഇൻജീലിന്റെ അനുയായികൾ, അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് വിധികൽപിക്കട്ടെ. **അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് ആർ വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു ഫാസിഖുകൾ (ധിക്കാരികൾ).**'' (അൽ–മാഇദ: 46)

അല്ലാഹുവല്ലാത്തവരുടെ നിയമം കൊണ്ട് വിധിക്കൽ ജാഹിലിയ്യ വിധി (മക്കാ മുഷ്‌രിക്കുകളുടെ കാലത്തുള്ളവർ) ആണെന്ന് അല്ലാഹു വ്യക്തമാക്കി.

അല്ലാഹുവിന്റെ വിധിയിൽ നിന്ന് തിരിഞ്ഞു കളയൽ അവന്റെ ശിക്ഷ ഇറങ്ങാനുള്ള കാരണങ്ങളിൽ പെട്ടതാണെന്നും, അതിക്രമകാരികളുടെ മേലുള്ള അവന്റെ ശിക്ഷ ഒരിക്കലും തടുക്കപ്പെടുകയില്ലെന്നും അതോടൊപ്പം തന്നെ അവൻ വ്യക്തമാക്കി.

അല്ലാഹു - ـ - പറഞ്ഞു:

﴿ أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ۚ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ﴾ المائدة: ٥٠

''ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗത്തിന്റെ) വിധി യാണോ അവർ തേടുന്നത്? ദൃഢവിശ്വാസികളായ ജനങ്ങ ൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ള ത്?'' (അൽ-മാഇദ: 50)

ഈ ആയത്തുകൾ പാരായണം ചെയ്യുകയും, അതിനെ കുറിച്ച് ഉറ്റാലോചിക്കുകയും ചെയ്യുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ വിധി തേടിപ്പോകുന്നതിന്റെ പ്രാധാന്യം എട്ടോളം കാര്യങ്ങൾ കൊണ്ട് അല്ലാഹു ഊന്നി പറഞ്ഞതായി കാണാൻ സാധിക്കും.

**ഒന്ന്:** അല്ലാഹുവിന്റെ നിയമം കൊണ്ട് വിധിക്കണമെന്ന കൽപ്പന.

അല്ലാഹു - ـ - പറഞ്ഞു:

﴿ وَأَنِ ٱحۡكُم بَيۡنَهُم بِمَآ أَنزَلَ ٱللَّهُ ﴾ المائدة: ٤٩

''അല്ലാഹു അവതരിപ്പിച്ചതനുസരിച്ച് അവർക്കിടയിൽ നീ വിധികൽപിക്കുക [11] .'' (അൽ-മാഇദ: 49)

---

[11] ശൈഖ് നാസ്വിർ അസ്സഅ്ദി - : - പറഞ്ഞു: ''വിധിക്കുകയാണെങ്കിൽ അല്ലാഹു അവതരിപ്പിച്ച ഖുർആനും സുന്നത്തും അടിസ്ഥാനമാക്കി വിധിക്കണമെന്ന് ഈ ആയത്ത് അറിയിക്കുന്നു. തൊട്ട് മുൻപ് കഴിഞ്ഞു പോയ

«وَإِنْ حَكَمْتَ فَاحْكُم بَيْنَهُم بِالْقِسْطِ»

''നീ അവർക്കിടയിൽ വിധിക്കുകയാണെങ്കിൽ **നീതി** കൊണ്ട് വിധിക്കുക'' എന്ന ആയത്തിൽ പരാമർശിക്കപ്പെട്ട നീതി എന്താണെന്ന് അല്ലാഹു ഈ ആയത്തിൽ വിശദീകരിച്ചിരിക്കുന്നു. നീതിയുടെ അടിസ്ഥാനം അല്ലാഹു നിയമമാക്കിയ വിധിവിലക്കുകളാണെന്നും, അങ്ങേയറ്റത്തെ നീതി ഉൾക്കൊള്ളുന്നത് അല്ലാഹുവിന്റെ വിധികളിൽ മാത്രമാണെന്നും, അതിനോട് എതിരാകുന്ന വിധികളെല്ലാം ചതിയും അ

**രണ്ട്:** ഒരവസ്ഥയിലും ജനങ്ങളുടെ ദേഹേഛകളും, അവരുടെ താൽപര്യങ്ങളും അല്ലാഹുവിന്റെ വിധി കൊണ്ട് കൽപ്പിക്കുന്നതിന് തടസ്സമാകരുത്.

അല്ലാഹു - ﷻ - പറഞ്ഞു:

﴿وَلَا تَتَّبِعۡ أَهۡوَآءَهُمۡ﴾ المائدة: ٤٩

“അവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്. [12] ” (അൽ–മാഇദ: 49)

**മൂന്ന്:** ചെറുതോ വലുതോ, കുറച്ചോ കൂടുതലോ ആയ ഒരു കാര്യത്തിലും അല്ലാഹുവിന്റെ വിധി സ്വീകരിക്കാതിരിക്കുന്നതിൽ നിന്നുള്ള താക്കീത് (ഈ ആയത്തുകളിൽ കാണാം).

അല്ലാഹു - ﷻ - പറഞ്ഞു:

﴿وَٱحۡذَرۡهُمۡ أَن يَفۡتِنُوكَ عَنۢ بَعۡضِ مَآ أَنزَلَ ٱللَّهُ إِلَيۡكَ﴾ المائدة: ٤٩

“അല്ലാഹു നിനക്ക് അവതരിപ്പിച്ച് തന്ന **വല്ല നിർദേശത്തിൽ** നിന്നും അവർ നിന്നെ തെറ്റിച്ചുകളയുന്നതിനെപ്പറ്റി

---

തിക്രമവുമാണെന്നും ഈ ആയത്ത് വ്യക്തമാക്കുന്നു.” (തഫ്സീറുസ്സഅ്ദി: 234)

[12] ശൈഖ് നാസിർ അസ്സഅ്ദി - : - പറഞ്ഞു: “തൊട്ടു മുൻപുള്ള ആയത്തിൽ വിലക്കിയ കാര്യം ഒരിക്കൽ കൂടി അല്ലാഹു ആവർത്തിച്ചു; വിലക്കപ്പെടുന്ന കാര്യത്തിന്റെ ഗൗരവം കാരണത്താലാണത്.” (തഫ്സീറുസ്സഅ്ദി: 234.)
തൊട്ടു മുൻപുള്ള ആയത്തിൽ അല്ലാഹു പറഞ്ഞു:

﴿وَلَا تَتَّبِعۡ أَهۡوَآءَهُمۡ عَمَّا جَآءَكَ مِنَ ٱلۡحَقِّ﴾ المائدة: ٤٨

“നിനക്ക് വന്നു കിട്ടിയിട്ടുള്ള സത്യത്തെ ഒഴിവാക്കി അവരുടെ ദേഹേഛകളെ നീ പിൻപറ്റരുത്.” (അൽ–മാഇദ: 48)

നീ ജാഗ്രത പുലർത്തണമെന്നും (നാം കൽപിക്കുന്നു.)'' (അൽ-മാഇദ: 49)

**നാല്:** അല്ലാഹുവിന്റെ വിധിയിൽ നിന്ന് പിന്തിരിഞ്ഞു കളയലും, അവന്റെ വിധികളിലെ ഏതെങ്കിലും ഒരു കാര്യം സ്വീകരിക്കാതിരിക്കലും വളരെ വലിയ പാപമാണെന്നും, അല്ലാഹുവിന്റെ വേദനാജനകമായ ശിക്ഷക്ക് കാരണമാകുമെന്നുമുള്ള അറിയിപ്പ്.

അല്ലാഹു - - - പറഞ്ഞു:

﴿ فَإِن تَوَلَّوْا فَاعْلَمْ أَنَّمَا يُرِيدُ اللَّهُ أَن يُصِيبَهُم بِبَعْضِ ذُنُوبِهِمْ ﴾ المائدة: ٤٩

''ഇനി അവർ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ നീ മനസ്സിലാക്കുക; അവരുടെ ചില പാപങ്ങൾ കാരണമായി അവർക്ക് നാശം [13] വരുത്തണമെന്നാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.'' (അൽ-മാഇദ: 49)

**അഞ്ച്:** അല്ലാഹുവിന്റെ വിധിയിൽ നിന്ന് തിരിഞ്ഞു കളഞ്ഞിട്ടുള്ളവരുടെ ആധിക്യം കണ്ട് വഞ്ചിതനാക്കുന്നതിൽ നിന്നുള്ള താക്കീതും, അല്ലാഹുവിന്റെ അടിമകളുടെ കൂട്ടത്തിൽ അവന് നന്ദി ചെയ്യുന്നവർ വളരെ ന്യൂനപക്ഷം മാത്രമാണെന്നുമുള്ള ഓർമ്മപ്പെടുത്തലും.

അല്ലാഹു - - - പറഞ്ഞു:

﴿ وَإِنَّ كَثِيرًا مِّنَ النَّاسِ لَفَاسِقُونَ ﴿٤٩﴾ ﴾ المائدة: ٤٩

[13] ശൈഖ് നാസ്വിർ അസ്സഅ്ദി - : - പറഞ്ഞു: ''തിന്മകൾക്ക് ഇഹലോകത്ത് നിന്ന് തന്നെ ലഭിക്കുന്ന ചില ശിക്ഷകളുമുണ്ട്. അതിൽ ഏറ്റവും ഗൗരവമേറിയത് നബി -ﷺ- യുടെ സുന്നത്തിനെ പിൻപറ്റാതിരിക്കുക എന്നത് ഒരാൾക്ക് അലങ്കാരമാക്കപ്പെടലാണ്.'' (തഫ്സീറുസ്സഅ്ദി: 234)

‘‘തീർച്ചയായും മനുഷ്യരിൽ അധികപേരും ധിക്കാരികളാകുന്നു.’’ (അൽ–മാഇദ: 49)

**ആറ്:** അല്ലാഹുവിന്റെ വിധിക്ക് പുറമെയുള്ള വിധികളെ ജാഹിലിയ്യ വിധി എന്ന് വിശേഷിപ്പിച്ചത്.

അല്ലാഹു - ـ - പറഞ്ഞു:

﴿ أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ﴾ المائدة: ٥٠

‘‘ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗത്തിന്റെ) [14] വിധിയാണോ അവർ തേടുന്നത്?’’ (അൽ–മാഇദ: 50)

**ഏഴ്:** അല്ലാഹുവിന്റെ വിധിയാണ് ഏറ്റവും നല്ലതും, ഏറ്റവും നീതിപൂർണവുമെന്നുള്ള അർഥം അരക്കിട്ടുറപ്പിക്കൽ.

അല്ലാഹു - ـ - പറഞ്ഞു:

﴿ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا ﴾ المائدة: ٥٠

---

[14] ശൈഖ് നാസ്വിർ അസ്സഅ്ദി - : - പറഞ്ഞു: ‘‘അല്ലാഹു ഖുർആനിലും സുന്നത്തിലും അവതരിപ്പിച്ച നിയമങ്ങളോട് എതിരാകുന്ന എല്ലാ വിധികളും ജാഹിലിയ്യത്തിന്റെ വിധികളാണ്.
ലോകത്ത് നിലനിൽക്കുന്നത് രണ്ട് വിധികൾ മാത്രമാണ്.
ഒന്നല്ലെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധി; അല്ലെങ്കിൽ ജാഹിലിയ്യത്തിന്റെ വിധി.
ആരെങ്കിലും അല്ലാഹുവിന്റെ വിധിയിൽ നിന്ന് തിരിഞ്ഞു കളഞ്ഞാൽ, അജ്ഞതയുടെയും അനീതിയുടെയും വഞ്ചനയുടെയും മേൽ പടുത്തുയർത്തപ്പെട്ട ജാഹിലിയ്യ വിധി കൊണ്ട് അല്ലാഹു അവനെ പരീക്ഷിക്കും. അല്ലാഹുവിന്റെ വിധിയാകട്ടെ; അറിവിന്റെയും, നീതിയുടെയും, പ്രകാശത്തിന്റെയും സന്മാർഗത്തിന്റെയും മേൽ പടുത്തുയർത്തപ്പെട്ടതാണ്.’’ (തഫ്സീറുസ്സഅ്ദി: 224)

‘‘അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് ആരാണുള്ള ത്?’’ (അൽ–മാഇദ: 50)

**എട്ട്:** യഖീനിന്റെ (ദൃഢവിശ്വാസത്തിന്റെ) തേട്ടമാണ് അല്ലാഹുവിന്റെ വിധിയാണ് എല്ലാ വിധികളിലും വെച്ചേറ്റവും ശ്രേഷ്ഠവും, പരിപൂർണമവും, നീതിയുക്തവും എന്ന് വിശ്വസിക്കൽ. പരിപൂർണ തൃപ്തിയോടെയും, സമർപ്പണത്തോടെയും അതിന് കീഴൊതുങ്ങൽ നിർബന്ധബാധ്യതയുമാണ്. ഇക്കാര്യവും പ്രസ്തുത ആയത്തുകളിൽ അല്ലാഹു ഓർമ്മപ്പെടുത്തി.

അല്ലാഹു - ـ - പറഞ്ഞു:

﴿ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ﴿٥٠﴾ ﴾ المائدة: ٥٠

‘‘ദൃഢവിശ്വാസികളായ (യഖീൻ ഉള്ള) ജനങ്ങൾക്ക് അല്ലാഹുവെക്കാൾ നല്ല വിധികർത്താവ് [15] ആരാണുള്ളത്?’’ (അൽ–മാഇദ: 50)

ഈ ആശയം ഖുർആനിലെ മറ്റനേകം ആയത്തുകളിലും കാണാൻ സാധിക്കും. നബി -ﷺ- യുടെ വാക്കുകളും പ്രവൃത്തികളും ഇക്കാര്യം അറിയിക്കുന്നുണ്ട്. അതിൽ പെട്ട ചില തെളിവുകൾ താഴെ;

[15] ശൈഖ് നാസ്വിർ അസ്സഅ്ദി - : - പറഞ്ഞു: ‘‘ദൃഢവിശ്വാസമുള്ളവർക്ക് മാത്രമാണ് അല്ലാഹുവിന്റെ വിധിയും, ജാഹിലിയ്യ വിധിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാകൂ. അല്ലാഹുവിന്റെ നിയമവ്യവസ്ഥയിലുള്ള നന്മയും സൗന്ദര്യവും മനസ്സിലാക്കാൻ കഴിയുക (അവന് മാത്രമാണ്). ബുദ്ധി കൊണ്ട് ചിന്തിച്ചാലും, മതത്തിന്റെ വീക്ഷണകോണിലൂടെ നോക്കിയാലും അല്ലാഹുവിന്റെ വിധിയാണ് പിൻപറ്റപ്പെടാൻ ഏറ്റവും അർഹം എന്നും (അവന് മാത്രമേ ബോധ്യമാകൂ).’’ (തഫ്സീറുസ്സഅ്ദി: 234)

അല്ലാഹു - ـ - പറഞ്ഞു:

﴿ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴾

النور: ٦٣

“ആകയാൽ റസൂലിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ [16] തങ്ങൾക്ക് വല്ല ആപത്തും (ഫിത്ന) [17] വന്നുഭവിക്കുകയോ, വേദനയേറിയ ശിക്ഷ [18] ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ.” (അന്നൂർ: 63)

അല്ലാഹു - ـ - പറഞ്ഞു:

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا

[16] ഇബ്നു കഥീർ - : - പറഞ്ഞു: “വാക്കുകളും പ്രവർത്തനങ്ങളും വിലയിരുത്തപ്പെടേണ്ടത് നബി -ج- യുടെ വാക്കുകളോടും പ്രവർത്തികളോടും യോജിക്കുന്നുണ്ടോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. അവിടുത്തോട് യോജിച്ചവയെല്ലാം സ്വീകാര്യമാണ്. അവിടുത്തോട് എതിരായവയെല്ലാം തള്ളപ്പെടും. അത് പറഞ്ഞവനോ ചെയ്തവനോ എത്ര വലിയവനാണെങ്കിലും.” (ഇബ്നു കഥീർ: 6/90)

[17] ഇബ്നു കഥീർ - : - പറഞ്ഞു: “ഫിത്ന ബാധിക്കുക എന്നത് കൊണ്ട് ഉദ്ദേശം അവരുടെ ഹൃദയത്തിൽ കുഫ്റോ (ഇസ്ലാമിന് വിരുദ്ധമായ നിഷേധം), നിഫാഖോ (കപടവിശ്വാസം), ബിദ്അത്തോ (പുത്തനാചാരങ്ങൾ) ഉണ്ടാവുക എന്നതാണ്.” (ഇബ്നു കഥീർ: 6/90)

[18] ഇബ്നു കഥീർ - : - പറഞ്ഞു: “വേദനയേറിയ ശിക്ഷ എന്നത് കൊണ്ട് ഉദ്ദേശം ഇഹലോകത്ത് കൊല്ലപ്പെടുകയോ, ഹദ്ദ് (ഇസ്ലാമിക രാജ്യത്തെ വിധികർത്താവ് നിശ്ചയിക്കുന്ന ശിക്ഷ) നടപ്പാക്കപ്പെടുകയോ, ജയിലിൽ അടക്കപ്പെടുകയോ പോലുള്ളവ ഉണ്ടാകുമെന്നാണ്.” (ഇബ്നു കഥീർ: 6/90)

يَجِـدُواْ فِيٓ أَنفُسِهِمۡ حَرَجٗا مِّمَّا قَضَيۡتَ وَيُسَلِّمُواْ تَسۡلِيمٗا ﴾ النساء: ٦٥

''ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും [19] , നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും [20] , അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ ഈമാൻ (സത്യവിശ്വാസം) ഉള്ളവരാവുകയില്ല.'' (അന്നിസാഅ്: 65)

അല്ലാഹു - ـ - പറഞ്ഞു:

﴿ ٱتَّبِعُواْ مَآ أُنزِلَ إِلَيۡكُم مِّن رَّبِّكُمۡ ﴾ الأعراف: ٣

''നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക.'' (അഅ്റാഫ്: 3)

അല്ലാഹു - ـ - പറഞ്ഞു:

---

[19] ഇബ്നു കഥീർ - : - പറഞ്ഞു: ''എല്ലാ വിഷയങ്ങളിലും നബി-ﷺ-യുടെ അടുക്കലേക്ക് വിധി തേടിപോകുന്നത് വരെ ഒരാളും വിശ്വാസിയാവുകയില്ലെന്ന് അല്ലാഹു പരിശുദ്ധമായ തന്റെ നഫ്സിനെ കൊണ്ട് സത്യം ചെയ്ത് പറഞ്ഞു. സത്യം നബി -ﷺ- വിധിച്ചവയിൽ മാത്രമാണ്. ബാഹ്യമായും ആന്തരികമായും കീഴൊതുങ്ങാൻ നിർബന്ധ ബാധ്യതയാക്കപ്പെട്ടിട്ടുള്ളത് അവിടുത്തെ വിധികൾക്ക് മാത്രമാണ്.'' (ഇബ്നു കഥീർ: 2/349)

[20] ഇബ്നു കഥീർ - : - പറഞ്ഞു: ''അവർ അങ്ങയുടെ വിധി മനസ്സിൽ യാതൊരു ക്ലേശവുമില്ലാതെ അനുസരിക്കണം. ബാഹ്യവും ആന്തരികവുമായി അവർ അങ്ങയുടെ വിധിക്ക് കീഴൊതുങ്ങേണ്ടതുണ്ട് (എന്നാണ് ആയത്തിൽ സൂചിപ്പിക്കപ്പെട്ടത്).'' (ഇബ്നു കഥീർ: 349)

﴿ وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَٰلًا مُّبِينًا ﴾ الأحزاب: ٣٦

''അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ മുഅ്മിനായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ റസൂലിനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു.'' (അൽ–അഹ്സാബ്: 36)

നബി -ﷺ- യിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള ഹദീഥും അപ്രകാരം തന്നെ;

قَالَ رَسُولُ اللَّهِ -ﷺ-: «لَا يُؤْمِنُ أَحَدُكُمْ حَتَّى يَكُونَ هَوَاهُ تَبَعًا لِمَا جِئْتُ بِهِ»

അവിടുന്ന് -ﷺ- പറഞ്ഞു: ''തന്റെ ദേഹേഛകൾ ഞാൻ കൊണ്ടു വന്ന (ഈ ദീനിനോട്) യോജിക്കുന്നത് വരെ നിങ്ങളിൽ ഒരാളും തന്നെ വിശ്വാസിയാവുകയില്ല.'' [21]

നബി -ﷺ- അദിയ്യ് ബ്നു ഹാതിമിനോട് പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു:

«أَلَيْسُوا يُحِلُّونَ مَا حَرَّمَ اللَّهُ فَتُحِلُّونَهُ، وَيُحَرِّمُونَ مَا أَحَلَّ اللَّهُ فَتُحَرِّمُونَهُ؟»

قَالَ: بَلَى، قَالَ: «فَتِلْكَ عِبَادَتُهُمْ»

''അല്ലാഹു ഹലാലാക്കിയതിനെ അവർ (പുരോഹിതന്മാർ) ഹറാമാക്കിയാൽ നിങ്ങളും അപ്രകാരം ഹറാമാക്കാറുണ്ടായി

[21] ഈ ഹദീഥിൽ ചില ന്യൂനതകളുണ്ട് എന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്.

രുന്നില്ലേ? അല്ലാഹു ഹറാമാക്കിയതിനെ അവർ (പുരോഹിതന്മാർ) ഹലാലാക്കിയാൽ നിങ്ങളും അതിനെ ഹലാലാക്കാറില്ലേ?'' [22]

ഇബ്നു അബ്ബാസ് -﵄- ചില വിഷയങ്ങളിൽ തന്നോട് തർക്കിച്ച വ്യക്തിയോട് പറയുകയുണ്ടായി: ''ആകാശത്ത് നിന്ന് നിങ്ങൾക്ക് മീതെ ചരൽക്കൽ വർഷം അയക്കപ്പെടാറായിട്ടുണ്ട്. അല്ലാഹുവിന്റെ റസൂൽ പറഞ്ഞിട്ടുണ്ട് എന്ന് ഞാൻ പറയുമ്പോൾ, നിങ്ങൾ പറയുന്നു: അബൂബക്കറും ഉമറും പറഞ്ഞിട്ടുണ്ട് എന്ന്.''

ഓരോ വ്യക്തിയുടെ മേലും അല്ലാഹുവിന്റെ വാക്കിനും, റസൂലിന്റെ വാക്കിനും കീഴൊതുങ്ങൽ നിർബന്ധമാണ്. അറ്റേതൊരു വ്യക്തിയുടെ വാക്കുകൾക്കും മീതെ അവയെ മുന്തിക്കുക.

മനുഷ്യർ വിധിതേടി പോകേണ്ടത് അല്ലാഹുവിന്റെ മതനിയമങ്ങളിലേക്കും, അവന്റെ വഹ്‌യിലേക്കുമായിരിക്കണം എന്നത് അല്ലാഹുവിന്റെ അപാരമായ കാരുണ്യത്തിന്റെയും, അവന്റെ യുക്തിയുടെയും (ഹിക്മത്ത്) തേട്ടമാണ്. കാരണം മനുഷ്യരെ ബാധിക്കുന്ന ദുർബലത, ദേഹേഛകൾ ഉണ്ടാവുക, ബലഹീനത, അറിവില്ലായ്മ പോലുള്ള എല്ലാ ന്യൂനതകളിൽ നിന്നും അവൻ മുക്തനാണ്.

അവനാണ് യുക്തിജ്ഞനും (الحكيم), എല്ലാം അറിയുന്നവനും (العليم), സൂക്ഷ്മജ്ഞാനിയും (اللطيف) ആയിട്ടുള്ളവൻ. തന്റെ അടിമകളുടെ അവസ്ഥകൾ അറിയുന്നവനും, അവരുടെ ഇപ്പോഴത്തെ അവസ്ഥക്കും, ഭാവിയിൽ ഉണ്ടാകാൻ പോകുന്ന സാഹചര്യങ്ങൾക്കും ഏറ്റവും യോജിക്കുന്നത് എന്താണെന്നും അറിയുന്നവൻ അല്ലാഹു മാത്രമാണ്.

---

[22] തിർമിദി, ബുഖാരി അത്താരീഖുൽ കബീറിൽ. അൽബാനി സ്വഹീഹ് എന്ന് വിലയിരുത്തി (അസ്സ്വഹീഹ: 3293)

അടിമകൾക്കിടയിലുണ്ടാകുന്ന തർക്കങ്ങളിലും അഭിപ്രായ വ്യത്യാസങ്ങളിലും അവരുടെ നിത്യജീവിത വ്യവഹാരങ്ങളിലും വിധി പറയുക എന്നത് അവൻ തന്റെ ബാധ്യതയായി നിശ്ചയിച്ചു എന്നത് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പൂർണതയിൽ പെട്ടതാണ്.

അടിമകൾക്ക് പരിപൂർണ നീതിയും നന്മയും സൗഭാഗ്യവും നടപ്പിലാവുക അവർക്കിടയിൽ അല്ലാഹു വിധി കൽപ്പിച്ചാൽ മാത്രമാണ്.

അല്ല! മനുഷ്യരുടെ മനസ്സിന് പരിപൂർണ തൃപ്തിയും സമാധാനവും ശാന്തിയും കൈവരുന്നത് അവർക്കിടയിൽ ഉടലെടുക്കുന്ന അഭിപ്രായവ്യത്യാസങ്ങളിൽ അവരുടെ സ്രഷ്ടാവായ അല്ലാഹു വിധി കൽപ്പിച്ചാൽ മാത്രമാണ്.

താൻ തർക്കിച്ചു കൊണ്ടിരിക്കുന്ന വിഷയത്തിൽ സ്രഷ്ടാവും (الخالق), എല്ലാം അറിയുന്നവനും (العليم), സൂക്ഷ്മജ്ഞാനിയുമായ (الخبير) അല്ലാഹുവിന്റെ വിധിയാണ് ഇത് എന്ന് ഒരാൾ അറിഞ്ഞു കഴിഞ്ഞാൽ അവൻ അത് സ്വീകരിക്കുകയും, അതിൽ തൃപ്തിപ്പെടുകയും, അതിന് കീഴൊതുങ്ങുകയും ചെയ്യും. തന്റെ ആഗ്രഹങ്ങൾക്കും താൽപര്യങ്ങൾക്കും വിരുദ്ധമാണ് അല്ലാഹുവിന്റെ തീരുമാനം എന്ന് അറിഞ്ഞാലും അത് സ്വീകരിക്കാനും ഉൾക്കൊള്ളാനും അവന് കഴിയും; കാരണം തന്റെ സ്രഷ്ടാവാണ് തന്റെ വിഷയത്തിൽ വിധി പറഞ്ഞിരിക്കുന്നത് എന്നത് തന്നെ.

എന്നാൽ; തന്നെ പോലെ വ്യക്തിപരമായ ആഗ്രഹങ്ങളും, ദേഹേഛകളും ഉള്ള മനുഷ്യർ തന്നെയാണ് തന്റെ പ്രശ്നങ്ങളിൽ തീരുമാനം പറയുന്നത് എങ്കിൽ അവന്റെ മനസ്സ് തൃപ്തിയടയുകയില്ല. ഇങ്ങനെയായാൽ തർക്കങ്ങൾ ഒരിക്കലും അവസാനിക്കുകയില്ല; അഭിപ്രായവ്യത്യാസങ്ങൾ എക്കാലവും തുടർന്ന് കൊണ്ടേയിരിക്കുകയും ചെയ്യും.

അതിനാൽ അറിയുക; അല്ലാഹു തന്റെ അടിമകളുടെ മേ

ൽ അവന്റെ വഹ്യിലേക്ക് വിധി തേടണമെന്ന് നിർബന്ധമാക്കിയത് അവരോടുള്ള കാരുണ്യം നിമിത്തവും, അവരോടുള്ള സ്നേഹം കാരണത്താലുമാണ്.

അല്ലാഹുവിന്റെ വിധിയിലേക്ക് എത്തിച്ചേരാനുള്ള പൊതുവായ വഴി അവൻ തന്നെ ഏറ്റവും പരിപൂർണവും വ്യക്തവുമായ രൂപത്തിൽ വിശദീകരിച്ചിരിക്കുന്നു.

അല്ലാഹു - ـ - പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلۡأَمۡرِ مِنكُمۡۖ فَإِن تَنَٰزَعۡتُمۡ فِي شَيۡءٖ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمۡ تُؤۡمِنُونَ بِٱللَّهِ وَٱلۡيَوۡمِ ٱلۡأٓخِرِۚ ذَٰلِكَ خَيۡرٞ وَأَحۡسَنُ تَأۡوِيلًا ٥٩ ﴾ النساء: ٥٩

“ഈമാനുള്ളവരേ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. (അല്ലാഹുവിന്റെ) റസൂലിനെയും അനുസരിക്കുക. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും (അനുസരിക്കുക). ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും.” (അന്നിസാഅ്: 59)

വിധികർത്താവിനും, വിധിക്കപ്പെടുന്നവനും, നേതാവിനും അനുയായികൾക്കുമുള്ള പൊതുവായ ഒരു ഉപദേശമാണ് ഈ ആയത്തിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളതെങ്കിലും, വിധികർത്താക്കളോട് അവരുടെ വിധിപ്രസ്താവനകളിൽ നീതി കാണിക്കണമെന്ന ഉപദേശവും ഈ ആയത്ത് ഉൾക്കൊള്ളുന്നുണ്ട്.

ഈ ആയത്തിലൂടെ വിധികർത്താക്കളോട് (ഖാദിമാർ) നീ

തിപൂർവ്വം വിധിക്കണമെന്നും, പ്രമാണങ്ങളെ അവലംബമാക്കിയിട്ടുള്ള ആ വിധിയെ സ്വീകരിക്കണമെന്ന് സത്യവിശ്വാസികളോടും അല്ലാഹു കൽപ്പിക്കുന്നു. അതിന് ശേഷവും അഭിപ്രായവ്യത്യാസമുണ്ടാവുകയാണെങ്കിൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കണമെന്ന കൽപ്പനയും (ഈ ആയത്ത് ഉൾക്കൊള്ളുന്നു).

ഇത്രയും പറഞ്ഞതിൽ നിന്ന് –എന്റെ ബഹുമാന്യനായ മുസ്‌ലിം സഹോദരാ!– അല്ലാഹുവിന്റെ മതനിയമങ്ങളിലേക്ക് വിധി തേടിപ്പോവുക എന്നതും, ആ വിധി സ്വീകരിക്കുക എന്നതും അല്ലാഹുവും റസൂലും -ﷺ- നമ്മുടെ മേൽ നിർബന്ധമാക്കിയ കാര്യമാണെന്ന് മനസ്സിലായി.

അല്ലാഹുവിനുള്ള ഏകത്വത്തിന്റെയും (തൗഹീദ്), നബി -ﷺ- യുടെ പ്രവാചകത്വം സാക്ഷ്യം വഹിക്കുക (രിസാലത്ത്) എന്നതിന്റെയും തേട്ടമാണ് അതെന്നും, അല്ലാഹുവിന്റെ വിധികൽപ്പനകൾക്ക് എതിരാവുക എന്നതും, അതിലെ എന്തെങ്കിലുമൊരു കാര്യത്തെ സ്വീകരിക്കാതിരിക്കുക എന്നതും അല്ലാഹുവിന്റെ ശിക്ഷക്ക് കാരണമാകുന്ന കാര്യമാണെന്നും മനസ്സിലായി.

ഭരണാധികാരികൾ ഭരണീയരോട് പെരുമാറുന്ന വിഷയത്തിലാണെങ്കിലും;

മുസ്‌ലിം സമൂഹം തങ്ങളുടെ മതമായി എല്ലാ സന്ദർഭങ്ങളിലും –സ്ഥല–കാല ഭേദമന്യേ– പാലിക്കേണ്ട വിഷയത്തിലാണെങ്കിലും;

വ്യക്തിപരമോ സാമൂഹികമോ ആയ അഭിപ്രായവ്യത്യാസങ്ങളിൽ സ്വീകരിക്കേണ്ട നിലപാടിലാണെങ്കിലും;

ഒരു രാജ്യം മറ്റൊരു രാജ്യത്തോട് സ്വീകരിക്കേണ്ട നിലപാടിലാണെങ്കിലും;

ഒരു സംഘം മറ്റൊരു സംഘത്തോട് സ്വീകരിക്കേണ്ട നില

പാടിലാണെങ്കിലും;

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനോട് പാലിക്കേണ്ട നിലപാടുകളിലാണെങ്കിലും

മേൽ പറഞ്ഞ കാര്യങ്ങൾ ഒരു പോലെയാണ്.

ഇവയെല്ലാം സൃഷ്ടിച്ചത് അല്ലാഹുവാകുന്നു; അവയോട് കൽപ്പിക്കാനുള്ള അവകാശവും അവന് തന്നെയാണുള്ളത്. വിധികർത്താക്കളിൽ ഏറ്റവും നന്നായി വിധിക്കുന്നവൻ അവനാകുന്നു.

അല്ലാഹുവിന്റെയും റസൂലിന്റെയും വിധിയെക്കാൾ ജനങ്ങളുടെ വിധിയിലാണ് [23] നന്മയുള്ളതെന്നോ, അതല്ലെങ്കിൽ അവ രണ്ടും നന്മയിൽ തുല്യമാണെന്നോ സദൃശ്യമാണെന്നോ, അല്ലാഹുവിന്റെ നിയമങ്ങൾക്ക് പകരം ഇത്തരം ഭൗതിക-മനുഷ്യനിർമ്മിത നിയമവ്യവസ്ഥകൾ അനുവദനീയമാണെന്നോ ഒരാൾ വിശ്വസിച്ചാൽ അവനിൽ തീർത്തും ഈമാൻ ഇല്ല.

ഇനി അല്ലാഹുവിന്റെ നിയമങ്ങളാണ് ഏറ്റവും നല്ലതും, പരിപൂർണവും, നീതിപൂർണവും എന്ന് അവൻ മനസ്സിൽ വിശ്വസിച്ചാലും (ശരി; മറ്റ് നിയമവ്യവസ്ഥകൾ നടപ്പിലാക്കുന്നത് അനുവദനീയമാണെന്ന് അവൻ കരുതുന്നുണ്ടെങ്കിലും അവനിൽ ഈമാനില്ല).

മുസ്‌ലിം പൊതുജനങ്ങളും, അവരുടെ നേതാക്കന്മാരും, അവരിലെ ഭരണാധികാരികളും, അവരിലെ കൈകാര്യകർത്താക്കളും അല്ലാഹുവിനെ സൂക്ഷിക്കട്ടെ.

---

[23] അല്ലാഹുവിന്റെ വിധിയല്ലാത്ത എല്ലാ വിധികളും ജനങ്ങളുടെ വിധികളാണ്. രാഷ്ട്രത്തിന്റെ നിയമവ്യവസ്ഥയുമായി ബന്ധപ്പെട്ട ഡെമോക്രസി (ജനാധിപത്യം), കമ്മ്യൂണിസം, സോഷ്യലിസ്സം പോലുള്ളവയും മേൽ പറഞ്ഞതിൽ പെടും. (വിവർത്തകൻ).

അല്ലാഹുവിന്റെ നിയമങ്ങൾ തങ്ങളുടെ നാടുകളിലും, തങ്ങളുടെ എല്ലാ ജീവിത വ്യവഹാരങ്ങളിലും അവർ പാലിക്കട്ടെ; അതവരുടെ മേൽ ബാധ്യതയാണ്.

തങ്ങളുടെ സ്വന്തത്തെയും, തങ്ങളുടെ അധികാരപരിധിയിലുള്ളവരെയും ദുനിയാവിലും പരലോകത്തും അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും കാത്തുരക്ഷിക്കുക എന്നത് എല്ലാവർക്കും നിർബന്ധമാണ്.

അല്ലാഹുവിന്റെ മതനിയമങ്ങളിൽ നിന്ന് പുറംതിരിഞ്ഞു കളയുകയും, പാശ്ചാത്യരെ അന്ധമായി അനുകരിച്ചവരുടെ പാതപിൻപറ്റുകയും, അവരുടെ മാർഗം പിന്തുടരുകയും ചെയ്തവരുടെ നാടുകളിൽ ഇറങ്ങിയ ശിക്ഷകൾ നമുക്ക് പാഠമാകേണ്ടതുണ്ട്. [24]

[24] ശൈഖ് ഇബ്നു ബാസ് –അല്ലാഹു അദ്ദേഹത്തിന് പൊറുത്തു കൊടുക്കുകയും, അദ്ദേഹത്തിന്റെ മേൽ കാരുണ്യം ചൊരിയുകയും ചെയ്യുമാറാകട്ടെ– ഈ വാക്കുകൾ പറയുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനെക്കാൾ അനുഭവപാഠങ്ങൾ നമുക്ക് പിന്നീടും ഉണ്ടായി.
പാശ്ചാത്യരുടെ നിയമവ്യവസ്ഥകളിലാണ് ഞങ്ങളുടെ രക്ഷയുള്ളത്; അതിനാൽ മാറ്റുക ചട്ടങ്ങളെ എന്ന് മുറവിളി കൂട്ടിയവർ ഇന്ന് ഇസ്ലാമിക രാജ്യങ്ങളെ ചോരക്കളമാക്കി മാറ്റി. മുല്ലപ്പൂ വിപ്ലവങ്ങളെന്ന് പേര് വിളിക്കപ്പെട്ട വിപ്ലവങ്ങൾ മുസ്ലിം സഹോദരങ്ങൾ പരസ്പരം കഴുത്തറക്കുന്ന വേദനയാർന്ന ഫിത്നക്ക് പാശ്ചാത്ത്യർ നൽകിയ പരിഹാസപ്പേരായിരുന്നു എന്ന് നാം തിരിച്ചറിഞ്ഞു.
എന്നാൽ; തന്റെ മുസ്ലിം സഹോദരന്റെ ചോരക്കറ പുരണ്ട കൈകൾ മുഷ്ടി ചുരുട്ടി ഉയർത്തുന്നവർ ഇപ്പോഴും ഉറക്കത്തിൽ നിന്നെഴുന്നേറ്റിട്ടില്ല.
ഒരു വിശ്വാസിക്ക് രണ്ട് തവണ ഒരേ മാളത്തിൽ നിന്ന് കൊത്തേൽക്കുകയില്ലെന്ന് നബി -ﷺ- പഠിപ്പിച്ചു.
പാശ്ചാത്ത്യ സംസ്കാരങ്ങളാകുന്ന ഗർത്തങ്ങളിൽ നിന്ന് ഈ സമൂഹത്തെ തകർത്തു കളയുന്ന വിഷം അനേകം ത

അഭിപ്രായവ്യത്യാസങ്ങളും ഭിന്നിപ്പുകളും അവരിൽ ഉടലെടുത്തു. വ്യത്യസ്ത രൂപത്തിലുള്ള പരീക്ഷണങ്ങൾ അല്ലാഹു അവിടങ്ങളിൽ ഇറക്കി. അവരിലെ നന്മകൾ കുറഞ്ഞു. അവരിൽ ചിലർ ചിലരെ കൊലപ്പെടുത്തുന്ന അവസ്ഥ സംജാതമായി. ഇപ്പോഴും അവരുടെ കാര്യം തീർത്തും പ്രയാസത്തിൽ തന്നെ തുടർന്ന് കൊണ്ടിരിക്കുന്നു.

അവർ അല്ലാഹുവിലേക്ക് മടങ്ങുകയും, തന്റെ അടിമകൾക്ക് അവൻ തൃപ്തിപ്പെട്ട് നൽകിയ ആ നേരായ പാത (സ്വിറാത്തുൽ മുസ്തഖീം) പിൻപറ്റുകയും ചെയ്യട്ടെ.

ശത്രുക്കൾക്ക് അവരുടെ മേലുള്ള രാഷ്ട്രീയവും സാംസ്കാരികവുമായ ആധിപത്യം അവരിൽ നിന്ന് അല്ലാഹു എടുത്തു മാറ്റുകയും, അവരുടെ ജീവിതാവസ്ഥ അല്ലാഹു മാറ്റി നൽകുകയും ചെയ്യും.

അല്ലാഹു - - - പറഞ്ഞു:

﴿ وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَـٰمَةِ أَعْمَىٰ ﴿١٢٤﴾ ﴾ طه: ١٢٤

“എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവനെ നാം അന്ധനായ നിലയിൽ എഴുന്നേൽപിച്ച് കൊണ്ട് വരുന്നതുമാണ്.” (ത്വാഹ: 124)

തന്നെ ധിക്കരിക്കുകയും, തന്റെ വിധിവിലക്കുകൾക്ക് ഉത്തരം നൽകാതിരിക്കുകയും, ദുർബലനായ സൃഷ്ടികളുടെ നി

---

വണ മുസ്ലിം ഉമ്മത്തിന്റെ പവിത്രമായ ശരീരത്തിലേക്ക് കുത്തിവെക്കപ്പെട്ടു.
ഇനിയെങ്കിലും നാം ഉണരുമോ സഹോദരാ!

യമങ്ങളെ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന്റെ നിയമങ്ങൾക്ക് മേലെ പ്രതിഷ്ഠിക്കുകയും ചെയ്തവർക്ക് അല്ലാഹു താക്കീത് നൽകിയ ഇടുക്കത്തെക്കാൾ ഗൗരവതരമായ മറ്റൊരു ശിക്ഷയില്ല.

സത്യം വ്യക്തമാക്കുകയും, കാര്യങ്ങളെ വിശദീകരിക്കുകയും, സത്യ പാത തുറന്നു കാണിക്കുകയും, വഴികേടിലായവന് വഴി കാണിച്ചു നൽകുകയും ചെയ്യുന്ന അല്ലാഹുവിന്റെ വചനം തന്നോടൊപ്പം ഉണ്ടായിട്ടും അത് ഉപേക്ഷിക്കുകയും ജനങ്ങളിൽ പെട്ട ഏതെങ്കിലുമൊരു വ്യക്തിയുടെ വാക്കുകളെയോ, ഏതെങ്കിലും രാജ്യത്തിന്റെ നിയമവ്യവസ്ഥകളെയോ സ്വീകരിക്കുന്നവനെക്കാൾ വിഢ്ഢി മറ്റാരെങ്കിലുമുണ്ടോ?

തങ്ങളുടെ ഇഹലോകവും പരലോകവും നശിച്ചു എന്ന കാര്യം അവർക്കിനിയും മനസ്സിലായിട്ടില്ലേ?

ഇഹലോകത്ത് വിജയമോ സൗഭാഗ്യമോ നേടാൻ അവർക്ക് സാധിച്ചില്ല; പരലോകത്ത് അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും അവർക്ക് കഴിഞ്ഞില്ല.

എന്റെ ഈ വാക്കുകൾ ഈ സമൂഹത്തിന് ഒരു ഓർമ്മപ്പെടുത്തലും;

തങ്ങളുടെ അവസ്ഥയെ കുറിച്ച് ചിന്തിക്കാനുതകുന്ന ഒരു ഉണർത്തലും;

സ്വന്തത്തോടും തങ്ങളുടെ അനുയായികളോടും ഇന്നലെകളിൽ പ്രവർത്തിച്ചവയെ കുറിച്ച് വിലയിരുത്താനും;

അങ്ങനെ തങ്ങളുടെ വിവേകത്തിലേക്ക് അവർ തിരിച്ചു വരാനും;

അല്ലാഹുവിന്റെ കിതാബും റസൂൽ -ﷺ- യുടെ സുന്നത്തും മുറുകെ പിടിക്കാനും അതിലൂടെ മുഹമ്മദ് നബി -ﷺ- യുടെ യഥാർഥ ഉമ്മത്തിൽ പെട്ടവരായിത്തീരാനും കാരണമാക്ക

ണേ; എന്ന് ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു.

സലഫുകൾക്ക് (സച്ചരിതരായ നമ്മുടെ മുൻഗാമികൾ) അവരുടെ സ്മരണ മറ്റുള്ളവർക്കിടയിൽ ഉയർത്തി നൽകപ്പെട്ടത് പോലെ അവരുടെയും സ്മരണയും അല്ലാഹു മറ്റു സമൂഹങ്ങൾക്കിടയിൽ ഉയർത്തി നൽകട്ടെ.

നമ്മുടെ മുൻഗാമികളെ അല്ലാഹു സഹായിക്കുകയും, അവർ ഭൂമിയെ അടക്കി വാഴുകയും, ദുനിയാവിനെ നയിക്കുകയും ചെയ്തു. സമൂഹങ്ങൾ അവർക്ക് കീഴൊതുങ്ങി. അതെല്ലാം അല്ലാഹുവിന്റെ സഹായം കൊണ്ടായിരുന്നു.

**അവന്റെ സഹായം അല്ലാഹുവിനും റസൂലിനും ഉത്തരം നൽകിയവർക്കുള്ളതാണ്.**

തങ്ങൾ നഷ്ടപ്പെടുത്തിയ നിധിയുടെ വിലയെന്താണെന്നും, ചെയ്തു കൂട്ടുന്ന പാപങ്ങളുടെ ഭയാനകത എന്താണെന്നും, അവ ഈ സമുദായത്തിന് മേൽ വരുത്തി വെച്ച കുഴപ്പങ്ങളും പ്രയാസങ്ങളും എത്ര മാത്രമാണെന്നും ഈ ജനത തിരിച്ചറിഞ്ഞുരുന്നെങ്കിൽ!

അല്ലാഹു - ـ - പറഞ്ഞു:

﴿ وَإِنَّهُۥ لَذِكْرٌ لَّكَ وَلِقَوْمِكَ ۖ وَسَوْفَ تُسْـَٔلُونَ ﴿٤٤﴾ ﴾ الزخرف: ٤٤

“തീർച്ചയായും അത് (ഖുർആൻ) നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽബോധനം തന്നെയാകുന്നു. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതാണ്.” (അസ്സുഖ്റുഫ്: 44)

വിശുദ്ധ ഖുർആനിനോട് അതിന്റെ വക്താക്കൾ വിരക്തി കാണിക്കുകയും, പാരായണത്തിലും പ്രാവർത്തികമാക്കുന്നതിലും അതിൽ നിന്ന് ജനങ്ങൾ തിരിഞ്ഞു കളയുകയും ചെയ്യുമ്പോൾ ഈ ഖുർആൻ ഹൃദയങ്ങളിൽ നിന്നും, മുസ്ഹഫുകളിൽ നിന്നും ഉയർത്തപ്പെടുമെന്ന് നബി -ﷺ- പറഞ്ഞതായി ഹദീഥുകളിൽ വന്നിട്ടുണ്ട്.

ഈ വലിയ ആപത്ത് തങ്ങളുടെ പ്രവർത്തികൾ കാരണത്താൽ ഇന്നത്തെ മുസ്‌ലിംകളെ –അതുമല്ലെങ്കിൽ വരാനിരിക്കുന്ന തലമുറയെ– ബാധിക്കുന്നതിൽ നിന്ന് സൂക്ഷിക്കുക!

ബോധവാന്മാരാവുക!

ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ (നമ്മൾ അല്ലാഹുവിനുള്ളതാണ്; അവനിലേക്കാണ് നമ്മൾ മടങ്ങിപ്പോകുന്നതും)...!

ദീൻ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്തിട്ടും നാട്ടാചാരങ്ങളുടെയും, ജീവിതസാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിധി കൽപ്പിക്കുന്നവർക്കും ഞാൻ എന്റെ ഈ നസ്വീഹത്ത് സമർപ്പിക്കുന്നു.

ചില പ്രാസമൊപ്പിച്ച വാക്കുകൾ കൊണ്ട് ജനങ്ങൾക്കിടയിൽ വിധി പ്രഖ്യാപിക്കുന്ന ഇത്തരം ആളുകൾ യഥാർഥത്തിൽ ആദ്യകാല ജാഹിലിയ്യ സംസ്കാരത്തോടാണ് സാദൃശ്യം വെച്ചു പുലർത്തുന്നത്.

എന്റെ ഈ നസ്വീഹത്ത് വായിക്കുന്നവർ അല്ലാഹുവിലേക്ക് തൗബ ചെയ്തു മടങ്ങുകയും, ഇത്തരം നിഷിദ്ധമായ പ്രവർത്തനങ്ങളിൽ നിന്ന് വിട്ടു നിൽക്കുകയും, അല്ലാഹുവിനോട് പശ്ചാത്താപിക്കുകയും, തങ്ങൾക്ക് വന്ന് പോയ അബദ്ധങ്ങളിൽ ഖേദിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

തൗബ (പശ്ചാത്താപം) മുൻപ് കഴിഞ്ഞു പോയ പാപങ്ങളെ ഇല്ലാതാക്കുന്നു; തിന്മകളിൽ നിന്ന് തൗബ ചെയ്തവൻ തിന്മ ഇല്ലാത്തവനെ പോലെയാണ്.

എല്ലാ ജാഹിലിയ്യ നാട്ടാചാരങ്ങളെയും, അല്ലാഹുവിന്റെ മതത്തോട് എതിരാകുന്ന എല്ലാ അന്ധവിശ്വാസങ്ങളെയും തകർത്തില്ലാതാക്കുന്നതിൽ തങ്ങളുടെ സഹോദരങ്ങളോടൊപ്പം അവർ സഹകരിക്കട്ടെ.

ജനങ്ങളുടെ മേൽ അധികാരമേറ്റെടുത്തിട്ടുള്ളവർ തങ്ങളുടെ പ്രജകളെ ഇക്കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയും, അവർക്ക് ഉപദേശങ്ങൾ നൽകുകയും ചെയ്യട്ടെ.

ജനങ്ങൾക്ക് നന്മ ലഭിക്കുന്നതിന് വേണ്ടി അവർക്ക് സൽസ്വഭാവിയായ ഒരു ഭരണാധികാരിയെ അവർ നിശ്ചയിച്ചു നൽകുകയും, അല്ലാഹുവിന്റെ വിധിവിലക്കുകൾ മറികടക്കുന്നതിൽ നിന്ന് അവരെ തടയുകയും ചെയ്യട്ടെ.

തങ്ങളുടെ രക്ഷിതാവിന്റെ കാരുണ്യം ഇന്നീ സമുദായത്തിന് എന്ത് മാത്രം അനിവാര്യമായിരിക്കുന്നു...!

ഈ അപമാനത്തിന്റെയും, നിന്ദ്യതയുടെയും ജീവിതത്തിൽ നിന്ന് പ്രതാപത്തിന്റെയും അഭിമാനത്തിന്റെയും ജീവിതത്തിലേക്ക് അവരെ ഉയർത്താനും, അവരുടെ അവസ്ഥ മാറ്റിമറിക്കാനും അല്ലാഹുവിന്റെ കാരുണ്യം തന്നെയാണ് അനിവാര്യമായിട്ടുള്ളത്.

അല്ലാഹുവിന്റെ ഉത്തമമായ നാമങ്ങൾ (അസ്മാഉൽ ഹുസ്ന) കൊണ്ടും, അവന്റെ ഉന്നതമായ വിശേഷണങ്ങൾ (അസ്സ്വിഫാത്തുൽ ഉലാ) കൊണ്ടും ഞാൻ അവനോട് ചോദിക്കുന്നു:

അല്ലാഹുവിന്റെ കലാം (സംസാരം) മനസ്സിലാക്കുന്നതിനും, അവനിലേക്ക് പരിപൂർണമായി മടങ്ങുന്നതിനും, അവന്റെ മതനിയമങ്ങൾ പ്രാവർത്തികമാക്കുകയും, അവക്ക് പുറമേയുള്ളതിൽ നിന്ന് തിരിഞ്ഞു കളയുകയും, അവന്റെ വിധിവിലക്കുകൾ മുറുകെ പിടിക്കുന്നതിനും വേണ്ടി നീ മുസ്‌ലിംകളുടെ ഹൃദയങ്ങൾ വിശാലമാക്കേണമേ!

അല്ലാഹുവിന്റെ ഈ ആയത്ത് പ്രാവർത്തികമാക്കാൻ അവർക്ക് സാധ്യമാകട്ടെ!

﴿إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ

ٱلنَّاسِ لَا يَعۡلَمُونَ ﴿٤٠﴾ يوسف: ٤٠

“വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ഇബാദത്ത് ചെയ്യരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. നേരായ ദീൻ (മതം) അതത്രെ. പക്ഷെ മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല.” (യൂസുഫ്: 40)

وَصَلَى اللَّهُ وَسَلَّمَ عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ وَأَتْبَاعِهِ بِإِحْسَانٍ إِلَى يَوْمِ الدِّينِ.